# വാർത്തകൾ പ്രചരിപ്പിക്കുന്നവരോട്

﴿ الإشاعة ﴾

[ **Malayalam –** മലയാളം **–** مليالم ]

**മുഹമ്മദ് സ്വാദിഖ് മദീനി**

**محمد صادق مديني**

www.islamhouse.com

1434هـ - 2013م

## താളുകളിൽ

**വാർത്തകൾ പ്രചരിപ്പിക്കുന്നവരോട്** 3

**സമൂഹ മധ്യത്തിൽ പ്രചരിക്കുന്ന വാർത്തകളോട് മുസ്‌ലിം പ്രതികരിക്കേ      രിതി:** 6

ഒന്ന്: വാർത്ത സത്യമാണോ എന്ന് സ്ഥിരീകരിക്കുക 6

ര   ്: അറിവുള്ളവരോട് അന്വേഷിക്കുക 9

മൂന്ന്: എല്ലാ സത്യവും പ്രചരിപ്പിക്കരുത് 10

നാല്: കുപ്രചരണങ്ങളുടെ ദുരന്തത്തെകുറിച്ച് ആലോചിക്കുക 15

بِسْمِ اللّٰهِ الرَّحْمَـٰنِ الرَّحِيمِ

## വാർത്തകൾ പ്രചരിപ്പിക്കുന്നവരോട്

ഏതാനും വർഷങ്ങൾക്ക് മുമ്പ് എങ്ങോ ഒരിടത്ത് ഒരു വിഗ്രഹം പാൽ കുടിച്ചു എന്ന വമ്പിച്ച ഒരു വാർത്ത നാട്ടിൽ പ്രചരിച്ചു. കേട്ടവർ കേട്ടവർ അത് ഏറ്റ് ചൊല്ലുകയും കാട്ടുതീപോലെ ഇന്ത്യയുടെ മുക്കുമൂലകളിൽ അത് പടർന്ന് പിടിക്കുകയും ചെയ്തു. വാർത്താ മാധ്യമങ്ങൾ കെങ്കേമമായി ആഘോഷിച്ചു. പലരും പരീക്ഷിച്ചു നോക്കി,ഡൽഹിയിൽ പാൽ തീർന്നുപോയി.എന്നാൽ ഏതാനും മണിക്കൂറുകൾക്കുള്ളിൽ അതിന്റെ നിരർത്ഥകത ബോധ്യപ്പെടുകയും പന്നീട് ചെയ്ത വിഢ്ഢിത്തമോർത്ത് അവർ തലതാഴ്ത്തുകയും ചെയ്തു.

നിമിഷ നേരങ്ങൾകൊ ്പ്രചരിക്കുന്ന ഇത്തരം വാർത്തകൾ പല രൂപത്തിൽ പ്രത്യക്ഷപ്പെട്ടു കൊ യിരിക്കുന്നു, ഔലിയായുടെ കറാമത്ത് കഥകളും, ജോത്സ്യന്റെ പ്രവചനങ്ങളും പുലർന്നത് കേട്ടവർ കേട്ടവർ ഏറ്റു ചൊല്ലുന്നു, മദീന പള്ളിയിൽ കിടന്നുറങ്ങിയ ഒരാൾ നബിﷺയെ സ്വപ്നത്തിൽ ദർശിച്ചുവെന്നും തിരുമേനിﷺ പലതും ഉപദേശിച്ചുവെന്നും അത് നോട്ടീസായി അച്ചടിക്കാൻ കൽപ്പിച്ചുവെന്നും അപ്രകാരം ചെയ്യുന്നവന് സൗഭാഗ്യം വരുമെന്നും അതിനെ പുഛിച്ചു തള്ളിയവന് തൽക്ഷണം ആപത്തുബാധിക്കുമെന്നുള്ള കഥ ദീനിന്റെ പേരിൽ പ്രചരിപ്പിക്കപ്പെടുന്നു,

വ്യക്തികളെ തേജോവധം ചെയ്തുകൊ ുള്ള വാർത്തക ളും കുറവല്ല, പ്രത്യേകിച്ച് മത രാഷ്ട്രീയ രംഗങ്ങളിൽ എതിർഭാഗ ത്ത് നിൽക്കുന്നവരെക്കുറിച്ചുള്ള വാർത്തകളാണെങ്കിൽ പിന്നെ അത് പ്രചരിപ്പിച്ചു നടക്കൽ ആളുകൾക്ക് ഒരു പ്രത്യേക ആവേ ശമാണ്.

ഇത്തരം വാർത്തകളുടെ സത്യാവസ്ഥ അന്വേഷിക്കാതെ ആളുകൾ അത് ആവേശത്തോടെ പ്രചരിപ്പിക്കുകയും അതിൽ ഒരു സംതൃപ്തി കെ ത്തുകയും ചെയ്യുന്നു.എത്ര കുടുംബങ്ങ ളെയാണ് ഇത്തരം വാർത്തകൾ തകർത്തു കളഞ്ഞത്, എത്രയെ ത്ര സ്നേഹിതൻമാരെയാണ് അത് ഭിന്നിപ്പിച്ചത്, എത്രയോ ഹൃദ യങ്ങൾക്കാണ് അത് ദുഃഖങ്ങൾ സമ്മാനിച്ചത്, എത്രയോ കച്ചവ ട സ്ഥാപനങ്ങളും കമ്പനികളുമാണ് ഇത്തരം കുപ്രചരണങ്ങളാ ൽ സാമ്പത്തികമായി തകർന്നത്.. ഇതിന്റെ ഭവിഷ്യത്ത് മനസ്സി ലാക്കാൻ ഇസ്ലാമിക ചരിത്രത്തിൽ നിന്നും ചില സംഭവങ്ങൾ നമ്മൾ അറിയുന്നത് അനുചിതമായിരിക്കും.

പ്രവാചക പത്നി ആയിശﷺയെ സംബന്ധിച്ച് കപട വിശ്വാ സികൾ അപവാദം പ്രചരിപ്പിക്കുകയും ചിലയാളുകൾ അത് ഏ റ്റുപിടിക്കുകയും ചെയ്തു. കാര്യത്തിന്റെ നിജസ്ഥിതി വെളിവാ ക്കികൊ ് വഹ്യ് അവതീർണ്ണമാകുന്നതുവരെയുള്ള ഒരുമാസ കാലം പ്രവാചക ജീവിതത്തിലെ ഏറ്റവുംപ്രയാസം നിറഞ്ഞ സ മയമായിമാറി. ആയിശﷺ സംഭവം അറിഞ്ഞതു മുതൽ രോഗി യായി. വിശ്വാസികൾക്ക് വേദനയും കപടവിശ്വാസികൾക്ക് ആ നന്ദവും ആയിരുന്നു അത്.ഇത്തരം ഹീനപ്രവർത്തനങ്ങളിൽ ഏ ർപെട്ടവരെ താക്കീത് ചെയ്ത് ആയത്തുകൾ അവതരിച്ചു.

إِنَّ الَّذِينَ يُحِبُّونَ أَن تَشِيعَ الْفَاحِشَةُ فِي الَّذِينَ آمَنُوا لَهُمْ عَذَابٌ أَلِيمٌ فِي الدُّنْيَا وَالْآخِرَةِ وَاللَّهُ يَعْلَمُ وَأَنتُمْ لَا تَعْلَمُونَ (النور-19)

തീർച്ചയായും സത്യവിശ്വാസികൾക്കിടയിൽ ദുർവൃത്തി പ്രചരിക്കുന്നത് ഇഷ്ടപ്പെടുന്നവരാരോ അവർക്കാണ് ഇഹത്തിലും പരത്തിലും വേദനയേറിയ ശിക്ഷയുള്ളത്. അല്ലാഹു ﷻ അറിയുന്നു. നിങ്ങൾ അറിയുന്നില്ല (അന്നൂർ : 19)

മക്കയിൽ മുസ്‌ലിംകൾ, മർദ്ദനങ്ങളും പീഢനങ്ങളും അനുഭവിച്ചു കൊ ുള്ള ജീവിതം അസഹനീയമായപ്പോൾ അവർ എത്യോപ്പ്യയിലേക്ക് പാലായനം ചെയ്തു. അവിടെ മുസ്‌ലിമായി ജീവിച്ചു കൊ ിരിക്കെ മക്കക്കാരെല്ലാം മുസ്‌ലിംകളായിരിക്കുന്നു എന്നൊരു വാർത്ത അവർക്കിടയിൽ പരന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അവർ മക്കയിലേക്ക് തന്നെ മടങ്ങി.പക്ഷെ മക്കയിൽ തിരിച്ചെത്തിയപ്പോഴാണ് അടിസ്ഥാനരഹിതമായ വാർത്തയായിരുന്നു അത് എന്ന് അവർ അറിഞ്ഞത്. എന്നാൽ മക്കക്കാരാകട്ടെ മടങ്ങിയെത്തിയ മുസ്‌ലിംകളോടുള്ള പീഡനങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തു.

ഇസ്‌ലാമിക ചരിത്രത്തിലെ പ്രസിദ്ധമായ ഉഹ്ദ് യുദ്ധത്തിൽ യുദ്ധാർജിത സ്വത്ത് സമാഹരിക്കുന്ന മുസ്‌ലിംകൾക്കെതിരെ ശത്രുക്കൾ അമ്പെയ്യാൻ തുടങ്ങി. നബി ﷺ യുമായി രൂപസാദൃശ്യമു

ായിരുന്ന പതാകവാഹകൻ മുസ്അബ് ഇബ്നു ഉമൈർ رضي الله عنه വധിക്കപ്പെട്ടു. ശത്രുക്കൾ അത് ഒരു സുവർണ്ണാവസരമായി ഉപയോഗിക്കുകയും പ്രവാചകൻ ﷺ വധിക്കപെട്ടു എന്ന് പ്രചരിപ്പിക്കുകയും ചെയ്തു. പലരുടേയും വീര്യം ചോർന്നു പോവുകയും യുദ്ധക്കളം വിട്ടുപോവുകയും ചെയ്തു. തൽഫലമായി പ്രവാചകന്റെ താഴ്വരിയിലെ മുൻപല്ലുകൾ പൊട്ടുകയും കീഴ്ചു

ˇ മുറിയുകയും നെറ്റിയിൽ മുഖാങ്കിയുടെ ആണി തറക്കുകയും അബ്ദുല്ലാഹിബ്നു കംഅ എന്ന ദുഷ്ടൻ പ്രവാചകന്റെ ചുമലിന് വെട്ടുകയും തൽഫലമായി നബിﷺ ഒരു മാസത്തോളം അതിന്റെ വേദന അനുഭവിക്കുകയും ചെയ്തു. ഹംസത്ത് ഇബ്നു അബ്ദിൽ മുത്ത്വലിബ്ؓ മുസ്അബ് ഇബ്നു ഉമൈർؓ തുടങ്ങിയ എഴുപതോളം മഹാന്മാർ ഈ യുദ്ധത്തിൽ രക്തസാക്ഷികളായി.

വാർത്തകളും കിംവതന്തികളും പ്രചരിക്കപ്പെടുമ്പോൾ ഇഷ്ടത്തിനൊത്ത് അവയെ തള്ളുകയും കൊള്ളുകയുമല്ല ഒരു മുസ്ലിം ചെയ്യേ ത്,എല്ലാ വിഷയങ്ങളിലും അല്ലാഹുവിന്റെയും പ്രവാചക തിരുദൂതരുടേയുംﷺ കൽപ്പനക്കനുസരിച്ച് അവൻ ജീവിതം ചിട്ടപ്പെടുത്തുകയാണ് വേ ത്. അല്ലാഹു ﷻ പറയുന്നു.

يَا أَيُّهَا الَّذِينَ آمَنُواْ ادْخُلُواْ فِي السِّلْمِ كَآفَّةً وَلاَ تَتَّبِعُواْ خُطُوَاتِ الشَّيْطَانِ إِنَّهُ لَكُمْ عَدُوٌّ مُّبِينٌ (البقرة-208)

സത്യവിശ്വാസികളേ, നിങ്ങൾ പരിപൂർണ്ണമായി കീഴ്വണക്കത്തിൽ (ഇസ്ലാമിൽ) പ്രവേശിക്കുക. പിശാചിന്റെ കാലടികളെ നിങ്ങൾ പിന്തുടരാതിരിക്കുകയും ചെയ്യുക. തീർച്ചയായും അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാകുന്നു. (അൽബക്വറ: 208)

**സമൂഹ മധ്യത്തിൽ പ്രചരിക്കുന്ന വാർത്തകളോട് മുസ്ലിം പ്രതികരിക്കേ രിതി**

**ഒന്ന്: വാർത്ത സത്യമാണോ എന്ന് സ്ഥിരീകരിക്കുക**

വാർത്തയുമായി വരുന്ന വ്യക്തി തന്റെ ശത്രുവോ മിത്രമോ എന്ന് നോക്കിയല്ല അതിന്റെ സത്യാവസ്ഥ തീരുമാനിക്കേ ത്. വേ പെട്ടവരെ സംബന്ധിച്ച് എന്ത് ദുഷിച്ച വാർത്തകൾ വന്നാ

ലും അതിനെ ന്യായീകരിക്കുകയും താൻ ഇഷ്ടപെടാത്ത ഒരാളെ സംബന്ധിച്ച് ആരെന്ത് പറഞ്ഞാലും അത് അപ്പടി വിശ്വസിക്കുകയും ചെയ്യുക എന്നത് ഒരു വിശ്വാസിക്ക് ഭൂഷണമല്ല. ഇത്തരം അനീതിയെ സംബന്ധിച്ച് ഖുർആൻ ശക്തമായി താക്കീത് ചെയ്യുന്നു. അല്ലാഹു ﷻ പറയുന്നു;

يَا أَيُّهَا الَّذِينَ آمَنُواْ كُونُواْ قَوَّامِينَ لِلّهِ شُهَدَاء بِالْقِسْطِ وَلاَ يَجْرِمَنَّكُمْ شَنَآنُ قَوْمٍ عَلَى أَلاَّ تَعْدِلُواْ اعْدِلُواْ هُوَ أَقْرَبُ لِلتَّقْوَى وَاتَّقُواْ اللّهَ إِنَّ اللّهَ خَبِيرٌ بِمَا تَعْمَلُونَ (المائدة-8)

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്ന് വേ ി നിലകൊള്ളുന്നവരും, നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമായിരിക്കുക. ഒരു ജനതയോടുള്ള അമർഷം നീതി പാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്. നിങ്ങൾ നീതി പാലിക്കുക.അതാണ് ധർമ്മനിഷ്ഠയോട് ഏറ്റവും അടുത്തത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക.തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ചെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു. (അൽ മാഇദ: 8)

വാർത്തകളുമായി വരുമ്പോൾ അതിന്റെ സത്യാവസ്ഥയെ സംബന്ധിച്ച് അന്വേഷിച്ചറിയുകയാണ് ആദ്യമായി ചെയ്യേ ത്. അല്ലാഹു ﷻ പറയുന്നു.

يَا أَيُّهَا الَّذِينَ آمَنُوا إِن جَاءكُمْ فَاسِقٌ بِنَبَأٍ فَتَبَيَّنُوا أَن تُصِيبُوا قَوْمًا بِجَهَالَةٍ فَتُصْبِحُوا عَلَى مَا فَعَلْتُمْ نَادِمِينَ (الحجرات-6)

സത്യവിശ്വാസികളേ, ഒരു അധർമ്മകാരി വല്ല വാർത്തയും കൊ ് നിങ്ങളുടെ അടുത്ത് വന്നാൽ നിങ്ങളതിനെപ്പറ്റി വ്യക്തമായി അന്വേഷിച്ചറിയണം. അറിയാതെ ഏതെങ്കിലും ഒരു ജനതയ്ക്ക് നിങ്ങൾ ആപത്തുവരുത്തുകയും, എന്നിട്ട് ആ ചെയ്തതി

ന്റെ പേരിൽ നിങ്ങൾ ഖേദക്കാരായിത്തീരുകയും ചെയ്യാതിരിക്കാൻ വേ ി: (അൽഹുജുറാത്ത്; 6)

പ്രവാചകാനുചരന്മാരുടെ അടുക്കൽ ഒരുവാർത്ത വന്നെത്തിയാൽ സ്വഹാബിമാരുടെ സത്യസന്ധതയിൽ സംശയം ഇല്ലാതിരുന്നിട്ടു പോലും പലപ്പോഴും അവർ അത്തരം കാര്യങ്ങളുമായി വരുന്നവരോട് സാക്ഷികളെ ആവശ്യപ്പെട്ടിരുന്നു. അബൂബക്കർ ﵁ അടുക്കൽ പിതാമഹിയുടെ സ്വത്തിൽ അവകാശമു ോ എന്ന ഒരു ചോദ്യം ഉന്നയിക്കപ്പെട്ടു. അതിനുള്ള മറുപടി അദ്ദേഹത്തിന്റെ പക്കൽ ഉ ായിരുന്നില്ല. ഉടനെ അതിനെ സംബന്ധിച്ച് നബി ﷺ എന്തെങ്കിലും പറഞ്ഞതായി ആർക്കെങ്കിലും അറിയുമോ എന്ന് സ്വഹാബിമാരോട് അദ്ദേഹം ആരാഞ്ഞു. മുഗീറത്തുബ്നു ശുഅ്ബ ﵁ പറഞ്ഞു: സ്വത്തിന്റെ ആറിലൊന്ന് കൊടുക്കണമെന്ന് നബി ﷺ പറഞ്ഞതായി എനിക്കറിയാം. എങ്കിൽ അതിന് ഒരു സാക്ഷിയെ ഹാജറാക്കണമെന്ന് അബൂബക്കർ ﵁ ആവശ്യപ്പെട്ടു.ഇത് കേട്ട മുഗീറ ﵁ പ്രസ്തുത സംസാരം നബി ﷺ യിൽ നിന്ന് കേട്ട മുഹമ്മദുബ്നു മസ്ലമ ﵁ യെ സാക്ഷിയായി അബൂബക്കർ ﵁ വിന് മുമ്പിൽ ഹാജറാക്കി.

അബൂമൂസൽ അശ്അരി ﵁ ഉമർ ﵁ അടുക്കൽ വരികയും വീട്ടിലേക്ക് പ്രവേശിക്കാൻ അനുവാദം ചോദിക്കുകയും ചെയ്തു. മൂന്ന് പ്രാവശ്യം അനുമതി ചോദിച്ചപ്പോഴും അതിന് മറുപടി ലഭിച്ചില്ല. ഉടൻ അദ്ദേഹം അവിടെ നിന്നും മടങ്ങിപോന്നു. അൽപം കഴിഞ്ഞശേഷം ഉമർ ﵁ അദ്ദേഹത്തെ തിരിച്ചുവിളിക്കുകയും മടങ്ങിപോകാനുള്ള കാരണം അന്വേഷിക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു മൂന്ന് പ്രാവശ്യം അനുവാദം ചോദിച്ച് മറുപടി ലഭിച്ചില്ലെങ്കിൽ മടങ്ങിപോകണം എന്നാണ് നബിചര്യ. എങ്കിൽ അതിന് സാക്ഷിയെ ഹാജറാക്കാൻ ഉമർ ﵁ ആവശ്യപെട്ടു. ആ

സംഭവം അറിയുമായിരുന്ന അബൂ സഈദുൽ ഖുദ്‌രിﷺയെ അബൂമൂസൽ അശ്അരിﷺ ഉമറിന്ﷺ മുമ്പിൽ ഹാജറാക്കുകയും ചെയ്തു.

വ്യഭിചാര വാർത്തയാണ് പ്രചരിപ്പിക്കുന്നത് എങ്കിൽ കാര്യം വളരെ ഗൗരവമാണ്. വ്യഭിചാരത്തിനുള്ള ഇസ്‌ലാമിക വിധി നടപ്പാക്കപ്പെടണമെങ്കിൽ പ്രതി കുറ്റം ഏറ്റുപറയുകയോ അല്ലെങ്കിൽ യോഗ്യരായ നാലാളുകൾ സാക്ഷി നിൽക്കുകയോ ചെയ്യണം. ഇല്ലെങ്കിൽ അത് ഏറ്റുപാടി നടക്കുന്നവർക്കായിരിക്കും ഇസ്‌ലാമിന്റെ ശിക്ഷ നടപ്പിലാക്കപ്പെടുക. അല്ലാഹുﷻ പറയുന്നു.

وَالَّذِينَ يَرْمُونَ الْمُحْصَنَاتِ ثُمَّ لَمْ يَأْتُوا بِأَرْبَعَةِ شُهَدَاء فَاجْلِدُوهُمْ ثَمَانِينَ جَلْدَةً وَلَا تَقْبَلُوا لَهُمْ شَهَادَةً أَبَدًا وَأُوْلَئِكَ هُمُ الْفَاسِقُونَ (النور-4)

ചാരിത്രവതികളുടെ മേൽ (വ്യഭിചാരം) ആരോപിക്കുകയും, എന്നിട്ട് നാലു സാക്ഷികളെ കൊ ു വരാതിരിക്കുകയും ചെയ്യുന്നവരെ നിങ്ങൾ എൺപത് അടി അടിക്കുക. അവരുടെ സാക്ഷ്യം നിങ്ങൾ ഒരിക്കലും സ്വീകരിക്കുകയും ചെയ്യരുത്. അവർ തന്നെയാകുന്നു അധർമ്മകാരികൾ. (അന്നൂർ: 4)

لَوْلَا جَاؤُوا عَلَيْهِ بِأَرْبَعَةِ شُهَدَاء فَإِذْ لَمْ يَأْتُوا بِالشُّهَدَاء فَأُوْلَئِكَ عِندَ اللَّهِ هُمُ الْكَاذِبُونَ (النور-13)

അവർ എന്തുകൊ ് അതിനു നാലു സാക്ഷികളെ കൊ ു വന്നില്ല.? എന്നാൽ അവർ സാക്ഷികളെ കൊ ് വരാത്തതിനാൽ അവർ തന്നെയാകുന്നു അല്ലാഹുവിങ്കൽ വ്യാജവാദികൾ. (അന്നൂർ: 13)

**ര ്: അറിവുള്ളവരോട് അന്വേഷിക്കുക**

പ്രചരിപ്പിക്കപ്പെടുന്ന വാർത്തയുടെ സത്യാവസ്ഥ അന്വേഷിക്കുന്നതോടൊപ്പം തന്നെ പ്രസ്തുത സംഭവത്തെ സംബന്ധിച്ച് വിവരമുള്ള ആളുകളോട് കാര്യങ്ങൾ അന്വേഷിക്കൽ അനിവാര്യമാണ്.ഉദാഹരണമായി മുൻ സൂചിപ്പിച്ച സംഭവത്തിൽ (മദീന പള്ളിയിൽ പ്രവാചകനെ സ്വപ്നത്തിൽ ദർശിച്ചു എന്ന് പറയുന്ന വ്യാജസംഭവം) വാർത്തയുമായി വരുമ്പോൾ അത് സത്യമാണോ എന്ന് വ്യക്തമായി അന്വേഷിക്കുന്നതോടൊപ്പം തന്നെ ഇത്തരം സംഭവങ്ങൾ മതത്തിൽ തെളിവാണോ ജനങ്ങളെ ഭയപ്പെടുത്തുവാനും അതുവഴി അവരെ നന്നാക്കുവാനും വേ ി ഇങ്ങനെയുള്ള കെട്ടുകഥകൾ പ്രചരിപ്പിക്കാമോ എന്നൊക്കെ പണ്ഡിതൻമാരോട് ചോദിക്കൽ അനിവാര്യമാണ്.

യുദ്ധ രംഗങ്ങളിൽ വ്യാജവാർത്തകൾ അനുകൂലമോ പ്രതികൂലമോ ആയ വമ്പിച്ച പ്രതിഫലനങ്ങൾ ഉ ാക്കുന്നു.ചിലപ്പോൾ സേനയുടെ വീര്യം ചോർത്തി കളയുവാനും അല്ലെങ്കിൽ അണികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുവാനും അത് സഹായിച്ചേക്കാം. അത്തരം രംഗങ്ങളിൽ എന്ത് നിലപാട് സ്വീകരിക്കമെന്നത് അറിവുള്ളവരോട് അന്വേഷിക്കുകയാണ് വേ ത്. ക്വുർആൻ പറയുന്നു.

وَإِذَا جَاءهُمْ أَمْرٌ مِّنَ الأَمْنِ أَوِ الْخَوْفِ أَذَاعُواْ بِهِ وَلَوْ رَدُّوهُ إِلَى الرَّسُولِ وَإِلَى أُوْلِي الأَمْرِ مِنْهُمْ لَعَلِمَهُ الَّذِينَ يَسْتَنبِطُونَهُ مِنْهُمْ وَلَوْلاَ فَضْلُ اللّهِ عَلَيْكُمْ وَرَحْمَتُهُ لاَتَّبَعْتُمُ الشَّيْطَانَ إِلاَّ قَلِيلاً (النساء – 83)

സമാധാനവുമായോ(യുദ്ധ) ഭീതിയുമായോ ബന്ധപ്പെട്ട വല്ല വാർത്തയും അവർക്ക് വന്നുകിട്ടിയാൽ അവരത് പ്രചരിപ്പിക്കുകയായി. അവരത് റസൂലിന്റെയും അവരിലെ കാര്യവിവരമുള്ളവരുടെയും തീരുമാനത്തിന് വിട്ടിരുന്നുവെങ്കിൽ അവരുടെ കൂട്ടത്തിൽ നിന്ന് നിരീക്ഷിച്ച് മനസ്സിലാക്കാൻ കഴിവുള്ളവർ അതി

ന്റെ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊള്ളുമായിരുന്നു.നിങ്ങളുടെ മേൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും ഇല്ലായിരുന്നുവെങ്കിൽ നിങ്ങളിൽ അൽപം ചിലരൊഴികെ പിശാചിനെ പിൻപറ്റുമായിരുന്നു. (അന്നിസാഅ്: 83)

**മൂന്ന്: എല്ലാ സത്യവും പ്രചരിപ്പിക്കരുത്**

കളവ് വൻപാപമായതുകൊ ുതന്നെ സത്യവശ്വാസിയിൽ നിന്നും അത് ഉ ാകുവാൻ പാടില്ല. എന്നാൽ അറിയുന്ന എല്ലാ സത്യങ്ങളും പ്രചരിപ്പിച്ച് നടക്കുകയുമരുത്. സ്വകാര്യമായി സൂക്ഷിക്കേ എത്രയോ കാര്യങ്ങൾ അവ സത്യമാണെന്നതുകൊ ് പ്രചരിപ്പിക്കൽ ഭൂഷണമല്ലല്ലോ. ഒരു കാര്യം മറ്റുള്ളവരോട് പറയുമ്പോൾ അതുമൂലം ഇഹപരമോ പാരത്രികമോ ആയ ഒരു നന്മ അതിലു ായിരിക്കണം. ഇല്ലെങ്കിൽ വാർത്തകൾ ഏറ്റുപാടൽ തിന്മയായിത്തീരുന്നു. നബിﷺ പറഞ്ഞു:

« كَفَى بِالْمَرْءِ إِثْمًا أَنْ يُحَدِّثَ بِكُلِّ مَا سَمِعَ ».أبوداود وصححه الألباني

‘കേൾക്കുന്നതെല്ലാം പറയൽ കളവായി ഒരാൾക്ക് മതിയാകുന്നതാണ്.’ (അബൂദാവൂദ്)

നബിﷺ പറഞ്ഞു:

بِئْسَ مَطِيَّةُ الرَّجُلِ زَعَمُوا – أبوداود وصححه الألباني

‘അവർ ജല്പിച്ചു എന്നത് ഒരാളുടെ വാഹനമായി എത്ര മോശം’ – അബൂദാവൂദ്

ഇതിന്റെ വിവരണമായി ശൈഖ് മുഹമ്മദ് ശംസുൽ ഹഖ് ؒ പറഞ്ഞു:

أسوأ عادة للرجل أن يتخذ لفظ زعموا مركبا إلى مقاصده فيخبر عن أمر تقليدا من غير تثبت فيخطئ - - عون المعبود شرح سنن أبي داود : محمد شمس الحق العظيم آبادي

തന്റെ ഉദ്ദേശങ്ങളിലേക്കുള്ള വാഹനമായി 'അവർ ജല്പിച്ചിരിക്കുന്നു' എന്ന വാക്ക് ഒരാൾ ചര്യയായി സ്വീകരിക്കൽ എത്ര മോശം. കാര്യങ്ങൾ സ്ഥിരീകരിക്കാതെ (മറ്റുള്ളവരെ) അയാൾ അനുകരിച്ച് ഒരു കാര്യത്തെ അറിയിക്കുകയും അങ്ങിനെ അയാൾ തെറ്റിൽ അകപ്പെടുകയും ചെയ്യുന്നു. (ഔനുൽ മഅ്ബൂദ്)

നാം ചെയ്യുന്ന പ്രവർത്തനങ്ങളെപ്പോലെതന്നെ പറയുന്ന വാക്കുകളും അല്ലാഹു അറിയുന്നു ˘ മലക്കുകൾ രേഖപ്പെടുത്തുന്നുമു ˘ എന്നത് നാം വിസ്മരിക്കാൻ പാടില്ല മാത്രമല്ല അത് പരലോകത്ത് മനുഷ്യന്റെ കർമ്മരേഖയായി വരുന്നതുമാണ്. അല്ലാഹു ﷻ പറയുന്നു.

مَا يَلْفِظُ مِن قَوْلٍ إِلَّا لَدَيْهِ رَقِيبٌ عَتِيدٌ (ق – 18)

അവൻ ഏതൊരു വാക്ക് ഉച്ചരിക്കുമ്പോഴും അവന്റെ അടുത്ത് തയ്യാറായി നിൽക്കുന്ന നിരീക്ഷകൻ ഉ ാവാതിരിക്കുകയില്ല. (ഖാഫ്: 18)

وَإِنَّ عَلَيْكُمْ لَحَافِظِينَ * كِرَامًا كَاتِبِينَ * يَعْلَمُونَ مَا تَفْعَلُونَ (الانفطار-10و12)

തീർച്ചയായും നിങ്ങളുടെ മേൽ ചില മേൽനോട്ടക്കാരു ˘. രേഖപ്പെടുത്തിവെക്കുന്ന ചില മാന്യൻമാർ. നിങ്ങൾ പ്രവർത്തിക്കുന്നത് അവർ അറിയുന്നു. (അൽ ഇൻഫിത്വാർ: 10, 12)

وَكُلَّ إِنسَانٍ أَلْزَمْنَاهُ طَآئِرَهُ فِي عُنُقِهِ وَنُخْرِجُ لَهُ يَوْمَ الْقِيَامَةِ كِتَابًا يَلْقَاهُ مَنشُورًا * اقْرَأْ كَتَابَكَ كَفَى بِنَفْسِكَ الْيَوْمَ عَلَيْكَ حَسِيبًا (الإسراء – 83)

ഓരോ മനുഷ്യന്നും അവന്റെ ശകുനം അവന്റെ കഴുത്തിൽ ത ന്നെ നാം ബന്ധിച്ചിരിക്കുന്നു ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ഒരു ഗ്രന്ഥം നാമവന്ന് വേ ി പുറത്തെടുക്കുന്നതാണ്. അത് നി വർത്തിവെക്കപ്പെട്ടതായി അവൻ ക ത്തും.നീ നിന്റെ ഗ്രന്ഥം വായിച്ചുനോക്കുക.നിന്നെ സംബന്ധിച്ചിടത്തോളം കണക്ക് നോ ക്കാൻ ഇന്ന് നീ തന്നെ മതി. (എന്ന് അവനോട് അന്ന് പറയപ്പെ ടും. (അൽ ഇസ്റാഅ്: 13,14)

സംസാരിക്കുന്ന കാര്യങ്ങളെല്ലാം നല്ലതും സത്യവുമായിരി ക്കണം. അതിന് സാധ്യമല്ലെങ്കിൽ നിശബ്ദനായിരിക്കുകയാണ് വേ ത്. നബിﷺ പറഞ്ഞു:

...وَمَنْ كَانَ يُؤْمِنُ بِاللَّهِ وَالْيَوْمِ الْآخِرِ فَلْيَقُلْ خَيْرًا أَوْ لِيَصْمُتْ- - البخاري

'ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കു ന്നുവെങ്കിൽ അവൻ നല്ലത് പറയട്ടെ അല്ലെങ്കിൽ മി ാതിരിക്ക ട്ടെ.' (ബുഖാരി)

ഒരു തത്വജ്ഞാനി മകനോട് പറഞ്ഞു: 'മോനെ ആവശ്യമി ല്ലാത്ത കാര്യങ്ങൾ നീ സംസാരിക്കരുത്. ഒരു സന്ദർഭം ലഭിക്കു ന്നതു വരെ ആവശ്യമുള്ളവ തന്നെയും നീ സംസാരിക്കരുത്.'

അറിയുന്ന എല്ലാ കാര്യങ്ങളും സംസാരിക്കുന്ന ഒരു സ്വഭാവ മായിരുന്നില്ല നബി തിരുമേനിﷺയുടേത്. ഖൻദഖ് യുദ്ധവേളയി ൽ ജൂതഗോത്രമായിരുന്ന ബനൂഖുറൈളക്കാർ മുസ്‌ലിംകളോടു ള്ള സന്ധി പിൻവലിച്ചതായ വാർത്ത നബിﷺ അറിഞ്ഞു.ഇത് മു സ്‌ലിം സൈന്യത്തെ അറിയിക്കാതെ കാര്യത്തിന്റെ സത്യാവ സ്ഥ അറിയുവാനായി തിരുമേനിﷺ സഅദുബ്നു മുആദ്ؓ, സ അ്ദുബ്നു ഉബാദؓ, അബ്ദുല്ലാഹിബ്നു റവാഹؓ, ഖവ്വാതുബ്

നു ജുബൈർ ﷺ നിയോഗിച്ചു. വിവരം മറ്റുള്ളവരെ അറിയിക്കരുതെന്നും നിർദേശിച്ചു. ഒരു സൈനിക നായകന്റെ കൂർമ്മ ബുദ്ധിയാണ് ഇവിടെ നമുക്ക് നബിﷺയിൽ ദർശിക്കുവാൻ സാധിക്കുക.

കവി പറഞ്ഞു

ما ان ندمت على سكوتي مرة ... ولقد ندمت على الكلام مرارا

'എന്റെ നിശബ്ദതയുടെ പേരിൽ ഞാൻ ഒരിക്കലും ഖേദിച്ചിട്ടില്ല, എന്നാൽ എന്റെ സംസാരത്തിന്റെ പേരിൽ ഞാൻ പലതവണ ഖേദിച്ചിട്ടു ്.'

വ്യക്തിക്കും സമൂഹത്തിനും ഉപകാരമില്ലാത്ത വാർത്തകൾ പ്രചരിപ്പിക്കുന്നത് പാഴ്‌വേലയാണ്. വ്യക്തികളുടെ ന്യൂനതകളും പോരായ്മകളും മുൻഗാമികൾ പ്രചരിപ്പിച്ചിരുന്നത് മതപരമായ നന്മയു ായിരുന്നപ്പോഴായിരുന്നു. ഉദാഹരണമായി ഹദീഥ് നിദാന പണ്ഡിതന്മാർ നിവേദകന്മാരുടെ കുറവുകൾ പറഞ്ഞിരുന്നത് പ്രവാചകﷺന്റെ ഹദീഥുകളിൽ ദുർബലമായത് കൂടിക്കലരരുത് എന്ന ലക്ഷ്യത്തിലായിരുന്നു.ബിദ്അത്തുകൾ പ്രചരിപ്പിക്കുന്നവരുടെ ദോഷങ്ങൾ അവർ പറയാൻ കാരണം ജനങ്ങൾ അവരുടെ ബിദ്അത്തിൽ ചെന്ന് പതിക്കരുത് എന്ന ലക്ഷ്യത്താലായിരുന്നു. ഇപ്രകാരമല്ലാതെ വ്യക്തികളുടെ ന്യൂനതകൾ പ്രചരിപ്പിക്കൽ വൻപാപത്തിൽപ്പെടുന്ന പരദൂഷണമാണ്. അതിന്റെ ഗൗരവത്തെ കുറിച്ച് അല്ലാഹു ﷻ പറയുന്നു

يَا أَيُّهَا الَّذِينَ آمَنُوا اجْتَنِبُوا كَثِيرًا مِّنَ الظَّنِّ إِنَّ بَعْضَ الظَّنِّ إِثْمٌ وَلَا تَجَسَّسُوا وَلَا يَغْتَب بَّعْضُكُم بَعْضًا أَيُحِبُّ أَحَدُكُمْ أَن يَأْكُلَ لَحْمَ أَخِيهِ مَيْتًا فَكَرِهْتُمُوهُ وَاتَّقُوا اللَّهَ إِنَّ اللَّهَ تَوَّابٌ رَّحِيمٌ (الحجرات -12)

സത്യവിശ്വാസികളേ, ഊഹത്തിൽ മിക്കതും നിങ്ങൾ വെടിയുക. തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു. നിങ്ങൾ ചാരവൃത്തി നടത്തുകയും അരുത്. നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ചു പറയുകയും അരുത്.തന്റെ സഹോദരൻ മരിച്ചുകിടക്കുമ്പോൾ അവന്റെ മാംസം ഭക്ഷിക്കുവാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നുന്നത്) നിങ്ങൾ വെറുക്കുകയാണു ചെയ്യുന്നത്. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക.തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു. (അൽ ഹുജുറാത്ത്: 12)

തെറ്റുകുറ്റങ്ങൾ ചെയ്യാത്തവരായി പ്രവാചകന്മാർ മാത്രമാണുള്ളത്. അതുകൊ ുതന്നെ ഒരാളുടെ ന്യൂനതകൾ ആരെങ്കിലും മറച്ചുവെച്ചാൽ അവന്റെ ന്യൂനതകൾ അല്ലാഹു ﷻ പരലോകത്ത് മറച്ചുവെക്കുന്നതാണ്, നബി ﷺ പറഞ്ഞു:

وَمَنْ سَتَرَ مُسْلِمًا سَتَرَهُ اللَّهُ فِي الدُّنْيَا وَالآخِرَةِ وَاللَّهُ فِي عَوْنِ الْعَبْدِ مَا كَانَ الْعَبْدُ فِي عَوْنِ أَخِيهِ.. -- مسلم

'ആരെങ്കിലും ഒരു മുസ്‌ലിമിനെ (ന്യൂനത) മൂടിവെച്ചാൽ അല്ലാഹു ദുനിയാവിലും ആഖിറത്തിലും അവന്റെ (ന്യൂനത) മൂടിവെക്കുന്നതാണ്' (മുസ്‌ലിം)

**നാല്: കുപ്രചരണങ്ങളുടെ ദുരന്തത്തെകുറിച്ച് ആലോചിക്കുക**

അടിസ്ഥാനരഹിതമായ വാർത്തകൾ സമൂഹത്തിലു ാക്കുന്ന ദുരന്തങ്ങൾ വളരെ വലുതാണ്. ഒരു കമ്പനിയുടെ ഉൽപാദനം ശരീരിക പ്രശ്നങ്ങൾ ഉ ാക്കും എന്ന ഒരു വ്യജവാർത്ത പരത്തിയാൽ ആസന്നമായ പതനമായിരിക്കും പ്രസ്തുത കമ്പനിക്ക്. വ്യക്തികളെ സംബന്ധിച്ച് അപവാദം പരത്തിയാൽ അവരുടെ അഭിമാനം ആരാണ് തിരിച്ചുകൊടുക്കുക.അല്ലാഹു ﷻ പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُوا إِن جَاءَكُمْ فَاسِقٌ بِنَبَإٍ فَتَبَيَّنُوا أَن تُصِيبُوا قَوْمًا بِجَهَالَةٍ فَتُصْبِحُوا عَلَىٰ مَا فَعَلْتُمْ نَادِمِينَ الحجرات (الحجرات -6)

സത്യവിശ്വാസികളേ, ഒരു അധർമ്മകാരി വല്ല വാർത്തയും കൊ ് നിങ്ങളുടെ അടുത്ത് വന്നാൽ നിങ്ങളതിനെപ്പറ്റി വ്യക്തമായി അന്വേഷിച്ചറിയണം. അറിയാതെ ഏതെങ്കിലും ഒരു ജനതയ്ക്ക് നിങ്ങൾ ആപത്തുവരുത്തുകയും, എന്നിട്ട് ആ ചെയ്തതിന്റെ പേരിൽ നിങ്ങൾ ഖേദക്കാരായിത്തീരുകയും ചെയ്യാതിരിക്കാൻ വേ ി: (അൽ ഹുജുറാത്ത്; 6)

മുസ്ലിമിന്റെ രക്തവും ധനവും പവിത്രമാണ് എന്നതു പോലെത്തന്നെ അഭിമാനവും സംരക്ഷിക്കപ്പെടേ താണ്. ഹജ്ജത്തുൽ വദാഇൽ നബി ﷺ പറഞ്ഞു:

فَإِنَّ دِمَاءَكُمْ وَأَمْوَالَكُمْ وَأَعْرَاضَكُمْ بَيْنَكُمْ حَرَامٌ كَحُرْمَةِ يَوْمِكُمْ هَذَا فِي شَهْرِكُمْ هَذَا فِي بَلَدِكُمْ.. البخاري

‘നിശ്ചയം നിങ്ങളുടെ രക്തവും സമ്പത്തും അഭിമാനവും നിങ്ങൾക്കിടയിൽ പവിത്രമാണ്. നിങ്ങളുടെ ഈ ദിവസത്തിന്റെ പവി

ത്രതപോലെ നിങ്ങളുടെ ഈ മാസത്തിന്റെ പവിത്രതപോലെ നിങ്ങളുടെ ഈ നാടിന്റെ പവിത്രത പോലെ... (ബുഖാരി)

പ്രവാചകനിലേക്ക് ചേർത്തുകൊ ് പ്രചരിപ്പിക്കപ്പെടുന്ന നിർമിത ഹദീഥുകൾ നിരവധിയാണ്. ദുർബലമാണ് എന്നറിഞ്ഞിട്ടും അവ സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിന്റെ പാപം എത്ര മാത്രമാണ്. അപ്രകാരംതന്നെ ആളുകളെ ഇസ്‌ലാമിൽ ഉറപ്പിച്ചു നിർത്താനായി ഇല്ലാത്ത കഥകൾ പ്രചരിപ്പിക്കുന്നതും. നബിﷺ പറഞ്ഞു;

لَا تَكْذِبُوا عَلَيَّ فَإِنَّهُ مَنْ كَذَبَ عَلَيَّ فَلْيَلِجْ النَّارَ- البخاري

'നിങ്ങൾ എന്റെമേൽ കളവ് പറയരുത് നിശ്ചയം ആരെങ്കിലും എന്റെമേൽ കളവ് പറഞ്ഞാൽ അവൻ നരകത്തിൽ പ്രവേശിക്കും.' (ബുഖാരി)

ആയിശ ﵂ യെ സംബന്ധിച്ച് കപടവിശ്വാസികൾ പറഞ്ഞുാക്കിയ അപവാദപ്രചരണത്തെ തുടർന്ന് ഇറങ്ങിയ സൂറത്തുന്നൂറിലെ ആയത്തുകൾ എടുത്ത് ചേർത്തുകൊ ് ഇത് അവസാനിപ്പിക്കുകയാണ്. അല്ലാഹു ﷻ പറയുന്നു.

إِنَّ الَّذِينَ جَاؤُوا بِالْإِفْكِ عُصْبَةٌ مِّنكُمْ لَا تَحْسَبُوهُ شَرًّا لَّكُم بَلْ هُوَ خَيْرٌ لَّكُمْ لِكُلِّ امْرِئٍ مِّنْهُم مَّا اكْتَسَبَ مِنَ الْإِثْمِ وَالَّذِي تَوَلَّى كِبْرَهُ مِنْهُمْ لَهُ عَذَابٌ عَظِيمٌ * لَوْلَا إِذْ سَمِعْتُمُوهُ ظَنَّ الْمُؤْمِنُونَ وَالْمُؤْمِنَاتُ بِأَنفُسِهِمْ خَيْرًا وَقَالُوا هَذَا إِفْكٌ مُّبِينٌ * لَوْلَا جَاؤُوا عَلَيْهِ بِأَرْبَعَةِ شُهَدَاء فَإِذْ لَمْ يَأْتُوا بِالشُّهَدَاء فَأُوْلَئِكَ عِندَ اللَّهِ هُمُ الْكَاذِبُونَ * وَلَوْلَا فَضْلُ اللَّهِ عَلَيْكُمْ وَرَحْمَتُهُ فِي الدُّنْيَا وَالْآخِرَةِ لَمَسَّكُمْ فِي مَا أَفَضْتُمْ فِيهِ عَذَابٌ عَظِيمٌ * إِذْ تَلَقَّوْنَهُ بِأَلْسِنَتِكُمْ وَتَقُولُونَ بِأَفْوَاهِكُم مَّا لَيْسَ لَكُم بِهِ عِلْمٌ

وَتَحْسَبُونَهُ هَيِّنًا وَهُوَ عِندَ اللَّهِ عَظِيمٌ * وَلَوْلَا إِذْ سَمِعْتُمُوهُ قُلْتُم مَّا يَكُونُ لَنَا أَن
نَّتَكَلَّمَ بِهَذَا سُبْحَانَكَ هَذَا بُهْتَانٌ عَظِيمٌ * يَعِظُكُمُ اللَّهُ أَن تَعُودُوا لِمِثْلِهِ أَبَدًا إِن
كُنتُم مُّؤْمِنِينَ * وَيُبَيِّنُ اللَّهُ لَكُمُ الْآيَاتِ وَاللَّهُ عَلِيمٌ حَكِيمٌ * إِنَّ الَّذِينَ يُحِبُّونَ أَن
تَشِيعَ الْفَاحِشَةُ فِي الَّذِينَ آمَنُوا لَهُمْ عَذَابٌ أَلِيمٌ فِي الدُّنْيَا وَالْآخِرَةِ وَاللَّهُ يَعْلَمُ وَأَنتُمْ
لَا تَعْلَمُونَ * وَلَوْلَا فَضْلُ اللَّهِ عَلَيْكُمْ وَرَحْمَتُهُ وَأَنَّ اللَّهَ رَؤُوفٌ رَحِيمٌ * يَا أَيُّهَا
الَّذِينَ آمَنُوا لَا تَتَّبِعُوا خُطُوَاتِ الشَّيْطَانِ وَمَن يَتَّبِعْ خُطُوَاتِ الشَّيْطَانِ فَإِنَّهُ يَأْمُرُ
بِالْفَحْشَاءِ وَالْمُنكَرِ وَلَوْلَا فَضْلُ اللَّهِ عَلَيْكُمْ وَرَحْمَتُهُ مَا زَكَا مِنكُم مِّنْ أَحَدٍ أَبَدًا
وَلَكِنَّ اللَّهَ يُزَكِّي مَن يَشَاءُ وَاللَّهُ سَمِيعٌ عَلِيمٌ * وَلَا يَأْتَلِ أُوْلُوا الْفَضْلِ مِنكُمْ
وَالسَّعَةِ أَن يُؤْتُوا أُوْلِي الْقُرْبَى وَالْمَسَاكِينَ وَالْمُهَاجِرِينَ فِي سَبِيلِ اللَّهِ وَلْيَعْفُوا
وَلْيَصْفَحُوا أَلَا تُحِبُّونَ أَن يَغْفِرَ اللَّهُ لَكُمْ وَاللَّهُ غَفُورٌ رَّحِيمٌ * إِنَّ الَّذِينَ يَرْمُونَ
الْمُحْصَنَاتِ الْغَافِلَاتِ الْمُؤْمِنَاتِ لُعِنُوا فِي الدُّنْيَا وَالْآخِرَةِ وَلَهُمْ عَذَابٌ عَظِيمٌ * يَوْمَ
تَشْهَدُ عَلَيْهِمْ أَلْسِنَتُهُمْ وَأَيْدِيهِمْ وَأَرْجُلُهُم بِمَا كَانُوا يَعْمَلُونَ * يَوْمَئِذٍ يُوَفِّيهِمُ اللَّهُ
دِينَهُمُ الْحَقَّ وَيَعْلَمُونَ أَنَّ اللَّهَ هُوَ الْحَقُّ الْمُبِينُ (النور -11-25)

തീർച്ചയായും ആ കള്ള വാർത്തയും കൊ ് വന്നവർ നിങ്ങളിൽ നിന്നുള്ള ഒരു സംഘം തന്നെയാകുന്നു. അത് നിങ്ങൾക്ക് ദോഷകരമാണെന്ന് നിങ്ങൾ കണക്കാക്കേ .അല്ല, അത് നിങ്ങൾക്ക് ഗുണകരം തന്നെയാകുന്നു. അവരിൽ ഓരോ ആൾക്കും താൻ സമ്പാദിച്ച പാപം ഉ ായിരിക്കുന്നതാണ്.അവരിൽ അതിന്റെ നേതൃത്വം ഏറ്റെടുത്തവനാരോ അവന്നാണ് ഭയങ്കര ശിക്ഷയുള്ളത്. നിങ്ങൾ അത് കേട്ട സമയത്ത് സത്യവിശ്വാസികളായ സ്ത്രീകളും പുരുഷൻമാരും തങ്ങളുടെ സ്വന്തം ആളുകളെപ്പറ്റി എന്തുകൊ ് നല്ലതു വിചാരിക്കുകയും, ഇതു വ്യക്തമായ നു

ണ തന്നെയാണ് എന്ന് പറയുകയും ചെയ്തില്ല? അവർ എന്തു കൊ ് അതിനു നാലു സാക്ഷികളെ കൊ ു വന്നില്ല.? എന്നാൽ അവർ സാക്ഷികളെ കൊ ് വരാത്തതിനാൽ അവർ തന്നെയാകുന്നു അല്ലാഹുവിങ്കൽ വ്യാജവാദികൾ. ഇഹലോകത്തും പരലോകത്തും നിങ്ങളുടെ മേൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവുമില്ലായിരുന്നുവെങ്കിൽ നിങ്ങൾ ഈ സംസാരത്തിൽ ഏർപെട്ടതിന്റെ പേരിൽ ഭയങ്കരമായ ശിക്ഷ നിങ്ങളെ ബാധിക്കുമായിരുന്നു. നിങ്ങൾ നിങ്ങളുടെ നാവുകൾ കൊ ് അതേറ്റു പറയുകയും, നിങ്ങൾക്കൊരു വിവരവുമില്ലാത്തത് നിങ്ങളുടെ വായ്കൊ ് മൊഴിയുകയും ചെയ്തിരുന്ന സന്ദർഭം. അതൊരു നിസ്സാരകാര്യമായി നിങ്ങൾ ഗണിക്കുന്നു. അല്ലാഹുവിന്റെ അടുക്കൽ അത് ഗുരുതരമാകുന്നു. നിങ്ങൾ അത് കേട്ട സന്ദർഭത്തിൽ ഞങ്ങൾക്ക് ഇതിനെ പറ്റി സംസാരിക്കുവാൻ പാടുള്ളതല്ല. (അല്ലാഹുവേ,) നീ എത്ര പരിശുദ്ധൻ! ഇത് ഭയങ്കരമായ ഒരു അപവാദം തന്നെയാകുന്നു എന്ന് നിങ്ങൾ എന്തുകൊ ് പറഞ്ഞില്ല? നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ ഇതു പോലുള്ളത് ഒരിക്കലും നിങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് അല്ലാഹു നിങ്ങളെ ഉപദേശിക്കുന്നു. അല്ലാഹു നിങ്ങൾക്ക് ദൃഷ്ടാന്തങ്ങൾ വിവരിച്ചു തരികയും ചെയ്യുന്നു. അല്ലാഹു സർവ്വജ്ഞനും യുക്തിമാനുമാകുന്നു. തീർച്ചയായും സത്യവിശ്വാസികൾക്കിടയിൽ ദുർവൃത്തി പ്രചരിക്കുന്നത് ഇഷ്ടപ്പെടുന്നവരാരോ അവർക്കാണ് ഇഹത്തിലും പരത്തിലും വേദനയേറിയ ശിക്ഷയുള്ളത്. അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല. അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും നിങ്ങളുടെ മേൽ ഇല്ലാതിരിക്കുകയും, അല്ലാഹു ദയാലുവും കരുണാനിധിയും അല്ലാതിരിക്കുകയും ചെയ്തിരുന്നെങ്കിൽ(നിങ്ങളുടെ സ്ഥിതി എന്താകുമായിരുന്നു?) സത്യവിശ്വാസികളേ, പിശാചിന്റെ കാൽപാടുകൾ പിൻപറ്റരുത്.വല്ലവനും പിശാചിന്റെ കാൽപാടുകൾ പിൻപറ്റുന്നപക്ഷം

തീർച്ചയായും അവൻ(പിശാച്)കൽപിക്കുന്നത് നീചവൃത്തിയും ദുരാചാരവും ചെയ്യാനായിരിക്കും.നിങ്ങളുടെ മേൽ അല്ലാഹുവി ന്റെ അനുഗ്രഹവും കാരുണ്യവും ഇല്ലാതിരുന്നെങ്കിൽ നിങ്ങളി ൽ ഒരാളും ഒരിക്കലും പരിശുദ്ധി പ്രാപിക്കുകയില്ലായിരുന്നു. പ ക്ഷെ, അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് പരിശുദ്ധി നൽകു ന്നു. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമത്രെ. നിങ്ങളുടെ കൂട്ടത്തിൽ ശ്രേഷ്ഠതയും കഴിവുമുള്ളവർ കുടുംബ ബന്ധമുള്ളവർക്കും സാധുക്കൾക്കും അല്ലാഹുവിന്റെ മാർഗത്തി ൽ സ്വദേശം വെടിഞ്ഞു വന്നവർക്കും ഒന്നും കൊടുക്കുകയി ല്ലെന്ന് ശപഥം ചെയ്യരുത്. അവർ മാപ്പുനൽകുകയും വിട്ടുവീഴ് ച കാണിക്കുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്ക് പൊറുത്തു തരാൻ നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കു ന്നവനും കരുണാനിധിയുമത്രെ. പതിവ്രതകളും (ദുർവൃത്തിയെ പ്പറ്റി) ഓർക്കുക പോലും ചെയ്യാത്തവരുമായ സത്യവിശ്വാസിനി കളെപ്പറ്റി ദുരാരോപണം നടത്തുന്നവരാരോ അവർ ഇഹത്തിലും പരത്തിലും ശപിക്കപ്പെട്ടിരിക്കുന്നു; തീർച്ച. അവർക്ക് ഭയങ്കരമാ യ ശിക്ഷയുമു ്. അവർ പ്രവർത്തിച്ചുകൊ ിരുന്നതിനെപ്പറ്റി അവരുടെ നാവുകളും കൈകളും കാലുകളും അവർക്കെതിരാ യി സാക്ഷിപറയുന്ന ദിവസത്തിലത്രെ അത് (ശിക്ഷ) അന്ന് അ ല്ലാഹു അവർക്ക് അവരുടെ യഥാർത്ഥ പ്രതിഫലം നിറവേറ്റി കൊടുക്കുന്നതാണ്. അല്ലാഹു തന്നെയാണ് പ്രത്യക്ഷമായ സത്യ മെന്ന് അവർ അറിയുകയും ചെയ്യും.(അന്നൂർ: 11..25)

************